**കേരള സർക്കാർ**

81777/ആർ.എ 1/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:13.02.2015

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - അനധികൃതനിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: 18.10.2014 ലെ 60203/ആർ.എ 1/14/തസ്വഭവ നമ്പർ സർക്കുലർ.

അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് പല അവസരങ്ങൾ നൽകിയിട്ടും, കെട്ടിട ഉടമസ്ഥർ ആയത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതുവരെ കണ്ടെത്തിയിട്ടുള്ള അനധികൃതനിർമ്മാണങ്ങൾ, സംബന്ധിച്ചുള്ള വിശദവിവരങ്ങൾ നിശ്ചിത പ്രഫോർമയിൽ പഞ്ചായത്ത് ഡയറക്ടർ, മുൻസിപ്പൽ ഡയറക്ടർ എന്നിവർ ഒരു മാസത്തിനകം സർക്കാരിന് ലഭ്യമാക്കേണ്ടതാണെന്നും നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള ആക്ടിലേയും കെട്ടിടനിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണെന്നും UA നമ്പർ നൽകിയിട്ട് ഒരു വർഷത്തിൽ കൂടുതലായ എല്ലാ അനധികൃതനിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള റിപ്പോർട്ട് നവംബർ 30 ന മുൻപ് എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാരും ജില്ലാ/റീജിയണൽ ഓഫീസർമാർക്കു നൽകേണ്ടതാണെന്നും സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റേയും ഇത് സംബന്ധിച്ച് 14.01.2015 ൽ നടത്തിയ അവലോകന യോഗത്തിന്റേയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. UA നമ്പർ ഉള്ള കെട്ടിടങ്ങൾക്ക് സ്ഥിര നമ്പർ നിയമാനുസൃതം റഗുലറൈസേഷൻ വഴി മാത്രമേ നൽകാൻ പാടുള്ളൂ. ഇതിനു വിരുദ്ധമായി നമ്പർ നൽകിയാൽ ബന്ധപ്പെട്ട സെക്രട്ടറിമാർ ആയതിന് വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.
2. അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനായി സമയപരിധി 30.06.2015 വരെ സർക്കാർ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ എല്ലാ അനധികൃത നിർമ്മാണങ്ങളും ക്രമവൽക്കരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള അനധികൃതനിർമ്മാണങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുള്ള പരിഷ്കരിച്ച പ്രഫോർമയിൽ 25.04.2015 ന് മുൻപായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ റീജിയണൽ

(തുടർച്ച..........2)

ജോയിന്റ് ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ക്രോഡീകരിച്ച പട്ടിക പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ 10.05.2015 ന് മുൻപായി സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കൊച്ചി)
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
5. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
6. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
7. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
8. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
9. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ)
10. പരിസ്ഥിതി വകുപ്പ്
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
4. തദ്ദേശസ്വയംഭരണ വകുപ്പ് (പഞ്ചായത്ത്) (അർബൻ അഫയേഴ്സ്) സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
6. തദ്ദേശസ്വയംഭരണ വകുപ്പ്, അണ്ടർ സെക്രട്ടറി.
7. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾ.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ആകെ അനധികൃത നിർമ്മാണങ്ങൾ | | യു.എ. നം. നൽകിയ നിർമ്മാണങ്ങൾ | | അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ച കെട്ടിടങ്ങൾ (യു.എ.നം. ഉൾപ്പെടെ) | നടപടി സ്വീകരിക്കവാൻ ബാക്കിയുള്ള കെട്ടിടങ്ങൾ | കോടതിയുടെ പരിഗണനയിലുള്ള നിർമ്മാണങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | റസിഡൻഷ്യൽ | മറ്റെല്ലാ ഉപയോഗങ്ങളും | നടപടി സ്വീകരിച്ചത് | നടപടി സ്വീകരിക്കവാൻ ബാക്കിയുള്ളത് | | | | |
| | | | | | | | | |